No.CEE/1999/MDS-2021/TA4

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# പത്രക്കുറിപ്പ്

## ബിരുദാനന്തര ബിരുദ ദന്തൽ കോഴ്സിലേയ്ക്കുള്ള പ്രവേശനം– 2021–22 മോപ് അപ് കൗൺസിലിംഗിനുശേഷം ഒഴിവുള്ള സീറ്റുകൾ നികത്തുന്നത് സംബന്ധിച്ച്

2021–22 അദ്ധ്യയന വർഷത്തെ പി.ജി ദന്തൽ കോഴ്സിലേയ്ക്ക് നടത്തിയ മോപ്അപ് കൗൺസിലിംഗിനു ശേഷം സ്വാശ്രയ ദന്തൽ കോളേജുകളിൽ ഉണ്ടായിട്ടുള്ള സ്ട്രേ വേക്കൻസികൾ അതാത് കോളേജുകൾ മുഖേന നികത്തുന്നതാണ്. പ്രവേശന പരീക്ഷാ കമ്മീഷണർ തയ്യാറാക്കി നൽകുന്ന സാധ്യതാ ലിസ്റ്റിൽ ഉൾപ്പെട്ട വിദ്യാർത്ഥികളെ പരിഗണിച്ചാണ് അതാത് കോളേജുകൾ മുഖേന ഒഴിവുകൾ നികത്തുന്നത്. അഖിലേന്ത്യാ കൗൺസിലിംഗിലൂടെ ആൾ ഇന്ത്യാ ക്വാട്ട സീറ്റുകളിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളെയും, പ്രവേശന പരീക്ഷാ കമ്മീഷണറുടെ മുൻ അലോട്ട്മെന്റുകളിലൂടെ അഡ്മിഷൻ നേടിയ വിദ്യാർത്ഥികളെയും മോപ്അപ് കൗൺസിലിംഗിലൂടെ ഏതെങ്കിലും ദന്തൽ കോളേജുകളിൽ അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികളെയും ഒഴിവാക്കിയാണ് സാധ്യതാ ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത്. വിദ്യാർത്ഥികളുടെ സാധ്യതാ ലിസ്റ്റ്, സ്വാശ്രയ കോളേജുകളിലെ സ്ട്രേ വേക്കൻസി ലിസ്റ്റ്, സ്ട്രേ വേക്കൻസി നികത്തുന്നതിനുള്ള മാർഗനിർദ്ദേശങ്ങൾ എന്നിവ പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റായ www.cee.kerala.gov.in ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

പ്രവേശന പരീക്ഷാ കമ്മീഷണർ നൽകുന്ന മാർഗനിർദ്ദേശങ്ങൾക്കനുസൃതമായി സാധ്യതാ ലിസ്റ്റിൽ ഉൾപ്പെട്ട വിദ്യാർത്ഥികളെ പരിഗണിച്ച് നിലവിലുള്ള ഒഴിവുകൾ **10.11.2021, വൈകിട്ട് 4.00 മണിക്കകം** അതാത് കോളേജുകൾക്ക് നികത്താവുന്നതാണ്. നികത്തിയ ഒഴിവുകൾ സംബന്ധിച്ച് 10.11.2021 വൈകിട്ട് 5.00 മണിക്കകം പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അതാത് കോളേജുകൾ റിപ്പോർട്ട് ചെയ്യേണ്ടതാണ്. സാധ്യതാ ലിസ്റ്റിൽ ഉൾപ്പെട്ട വിദ്യാർത്ഥികൾ സ്വാശ്രയ ദന്തൽ കോളേജുകളിലെ ഒഴിവുള്ള സീറ്റിൽ പ്രവേശനം ആഗ്രഹിക്കുന്ന പക്ഷം അതാത് കോളേജുമായി ബന്ധപ്പെട്ട് ആവശ്യമായ രേഖകൾ ഹാജരാക്കി പ്രവേശനം നേടാവുന്നതാണ്.

**ഹെൽപ്പ് ലൈൻ നമ്പർ: 0471- 2525300:**

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
06.11.2021